പോലീസ് വകുപ്പ്

കേരളം

**No. E2-53939/2017/DR**

ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
spkkdrl.pol@kerala.gov.in
04962523031

തീയതി. 11-06-2018

**<u>ലേല പരസ്യം</u>**

കോഴിക്കോട് റൂറൽ ജില്ല പോലീസ് ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടേഴ്സിൽ സൂക്ഷിച്ചിരിക്കുന്നതും , പോലിസ് വകുപ്പിന് ഉപയോഗം ഇല്ലാത്തതുമായ ചുവടെ ചേർതിരിക്കുന്ന വാഹനങ്ങൾ 16/05/18 ന തീയതിനടത്താൻ നിശ്ചയിച്ച ലേലം **11/07/18** ന പകൽ 11 മണിക്ക് കോഴിക്കോട് റൂറൽ ജില്ല പോലീസ് ഹെഡ് ക്വാർട്ടേർസ് (സായുധ സേന. ക്യാമ്പിൽ) വെച്ച നടത്താൻ പരസ്യമായി ലേലം/ടെൻഡർ വഴി വിൽപ്പന നടത്താൻ തീരുമാനിച്ചിട്ടുണ്ട്

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | മോഡൽ | വാഹന ഇനം | നിരത ദ്രവ്യം |
|---|---|---|---|---|
| 1 | KL 01 X 9944 | 2002 | TATA 709 BUS | 15,000 |
| 2 | KL 01 X 9985 | 2002 | TATA 709 BUS | 15,000/- |
| 3 | KL 01 Y 9135 | 2002 | TATA 709 BUS | 15,000/- |
| 4 | KL 01 X 9725 | 2002 | HERO HONDA CD 100 M/C | 400/- |
| 5 | KL 01 X 9853 | 2002 | HERO HONDA CD 100 M/C | 400/- |
| 6 | KL 01 X 9854 | 2002 | HERO HONDA CD 100 M/C | 400/- |
| 7 | KL 01 X 9857 | 2002 | HERO HONDA CD 100 M/C | 400/- |
| 8 | KL 01 X 2614 | 2005 | BAJAJ CT 100 M/C | 300/- |
| 9 | KL 01 X 2622 | 2005 | BAJAJ CT 100 M/C | 300/- |
| 10 | KL 01 X 5341 | 2005 | BAJAJ CT 100 M/C | 300/- |
| 11 | KL 01 X 5371 | 2005 | BAJAJ CT 100 M/C | 300/- |
| 12 | KL 01 AQ 4358 | 2007 | TAVERA | 9,900 |
| 13 | KL 01 AS 7472 | 2008 | INVADER | 9,900 |
| 14 | KL 11 G 7239 | 1997 | EICHER BUS | 16,000/- |
| TOTAL | | | | 83,600/- |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നത് ഒരുമണിക്കൂർ മുമ്പായി നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ഇതിലേക്ക് സീൽ ചെയ്ത ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകളുടെ പുറത്ത് കണ്ടം ചെയ്ത ഡിപ്പാർട്ട്മെൻറ് വാഹനങ്ങളുടെ ക്വട്ടേഷൻ എന്നെഴുതി കോഴിക്കോട് റൂറൽ ജില്ല അസിസ്റ്റന്റ് കമണ്ഡൻടിന്റെ കീ ഴരിയൂരിലെ ഓഫീസിൽ 06/07/18 തിയതിക്ക് മുമ്പായി ലഭിക്കത്തക്കവിധം നേരിട്ടോ, തപാൽ മുഖേനയോ നൽകാവുന്നതാണ്. ക്വോട്ടേഷനോടൊപ്പം നിരത ദ്രവ്യം അടച്ച രസീതുമുണ്ടായിരിക്കണം.

ലേലം കഴിഞ്ഞാലുടൻ ക്വോട്ടേഷനുകൾ തുറക്കുന്നതും ലേലത്തിലോ, ക്വോട്ടേഷനിലോ ഏതിൽ ആണോ കൂടുതൽ തുക

E2-53939/2017/DR    eb2290

വരുന്നത് ആ ആളിന് ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും ടിയാൻ ലേല സംഖ്യയുടെ പകുതി അപ്പോൾ തന്നെ അടക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ചലുടൻ ബാക്കി തുക അടച്ച് ടി സാധനങ്ങൾ സ്വന്തം ചെലവിൽ കോഴിക്കോട് റൂറൽ ജില്ല പോലീസ് ഹെഡ് ക്വാർട്ടേർസിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്

റിവേർസ് ചാർജ് മെക്കാനിസം അനുസരിച്ച് വില്പന നികുതി ലേലം കൊള്ളുന്ന ആൾ നേരിട്ട് വാണിജ്യ നികുതി ഓഫീസിൽ അടക്കേണ്ടതും ആയതിന്റെ രസീത് വാഹനം കൊണ്ട് പോകുന്നതിനു മുമ്പായി ജില്ല പോലീസ് ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേർസിൽ ഏൽപ്പിക്കേണ്ടതുമാണ് ലേലം കൊള്ളാത്തവരുടെ നിരത ദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ നൽകുന്നതാണ്

മേല്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണങ്കിൽ ടിയാൻ അടച്ച സംഖ്യ മുഴുവൻ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലം ചെയ്യുന്നതുമാൺ. പുനർ ലേലത്തിൽ സർക്കാരിനന്തങ്കിലും നഷ്ടം സംഭവിക്കുകയാണങ്കിൽ ആയത് ലേലം കൊണ്ടായാളിൽ നിന്നും ഈടാക്കുന്നതും കൂടുതൽ തുക ലഭിച്ചാൽ ആയതിനു ടിയാൻ അർഹത ഉണ്ടായിരിക്കുന്നതുമല്ല

മേൽ പ്രസ്താവിച്ചിരിക്കുന്ന വാഹനങ്ങൾ ലേലത്തിന് തൊട്ട് മുമ്പുള്ള 10 പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയത്ത് കോഴിക്കോട് റൂറൽ ജില്ല പോലീസ് ഡിസ്ട്രിക്ട് ഹെഡ്ക്വാർട്ടേർസിൽ നിന്നും ബന്ധപ്പെട്ടവരുടെ അനുമതിയോട് കൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റിവയ്ക്കുന്നതിനും ലേലം ആസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം കോഴിക്കോട് റൂറൽ ജില്ല പോലീസ് മേധാവിക്കുണ്ടായിരിക്കുന്നതാണ്

ജയ്ദേവ് ജി ഐപിഎസ്
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : 1.എല്ലാ ജില്ലാപോലീസ് മേധാവിമാർക്കും ,എല്ലാ സിറ്റി പോലീസ് കമീഷണർമാർക്കും , ബറ്റാലിയൻ കമണ്ടാന്റ്മാർക്കും ആവശ്യമായ പരസ്യത്തിനായി. 2.പോലീസ് സൂപ്രണ്ട് (എം.ടി) പോലീസ് ഹെഡ്ക്വാട്ടേഴ്സ് ,തിരുവനന്തപുരം അറിവിലേക്കായി 3.സൂപ്രണ്ട് ഗവർമെന്റ് പ്രസ്സ്, തിരുവനന്തപുരം കവറിംഗ് ലെറ്റർ സഹിതം ആവശ്യമായ പരസ്യത്തിനായി. 4.ഡയരക്ടർ പബ്ലിക്ക് റിലേഷൻസ് വകുപ്പ് തിരുവനന്തപുരം കവറിംഗ് ലെറ്റർ സഹിതം ആവശ്യമായ പരസ്യത്തിനായി.
5.എ.സി. എ.ആർ കോഴിക്കോട് റൂറലിൻറെ അറിവിലേക്കും ആവശ്യമായ പരസ്യം നൽകുന്നതിന്
6.കോഴിക്കോട് റൂറൽ ജില്ലയിലേ എല്ലാ പോലീസ് ഓഫീസർമാർക്കും അറിവിലേക്കും ആവശ്യമായ പരസ്യം നൽകുന്നതിന്